
ബൈബിൾ ചിത്രകഥ 31
കാത്തിരിപ്പ്

ബൈബിൾ ചിത്രകഥ-31

യേശുക്രിസ്തു -1

# കാത്തിരിപ്പ്

രചന : മൈക്കിൾ കാരിമറ്റം

ചിത്രീകരണം : ദേവസി * ബെന്നി

# കാത്തിരിപ്പ്

ബൈബിൾ ചിത്രകഥാ പരമ്പര പുതിയ നിയമത്തിലേക്ക് പ്രവേശിക്കുകയാണ്. യേശുക്രിസ്തുവിന്റെ ജീവിതവും സന്ദേശവും സർവ്വോപരി അവനിലൂടെ മനുഷ്യ വർഗ്ഗത്തിന് കൈവന്ന രക്ഷയും ചിത്രീകരിക്കുന്ന ഈ ഭാഗത്ത് 15 പുസ്തകങ്ങൾ ഉണ്ടായിരിക്കും. നാല് സുവിശേഷങ്ങളെയും മറ്റ് സമകാലിക ചരിത്ര രേഖകളെയും ആസ്പദമാക്കിയാണ് ഈ കഥകൾ രചിച്ചിട്ടുള്ളത്.

യേശുക്രിസ്തുവിന്റെ ജീവചരിത്രം അവതരിപ്പിക്കുക എന്നതിനേക്കാൾ അവനിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവത്തിൻറെ രക്ഷാകര സ്നേഹത്തെ പ്രഘോഷിക്കുകയും ആ സ്നേഹത്തിന് മറുപടി നൽകാൻ നമ്മെ ഓരോരുത്തരെയും ക്ഷണിക്കുകയും ആണ് സുവിശേഷങ്ങളുടെ ലക്ഷ്യം. സുവിശേഷ രചനയുടെ ലക്ഷ്യത്തെക്കുറിച്ച് വിശുദ്ധ യോഹന്നാന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. *"യേശു ദൈവപുത്രനായ ക്രിസ്തുവാണെന്ന് നിങ്ങളും വിശ്വസിക്കേണ്ടതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക്*

*അവൻറെ നാമത്തിൽ നിത്യജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ് ഇവ രേഖപ്പെടുത്തിയിരിക്കുന്നത്*" (യോഹന്നാൻ: 20, 31) ഈ ലക്ഷ്യം പ്രാപിക്കുന്നതിന് ഈ ചിത്രകഥകൾ സഹായിക്കുമെന്ന് ഞങ്ങളും പ്രതീക്ഷിക്കുന്നു.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള തീവ്രമായ ആഗ്രഹം എല്ലാം മനുഷ്യരുടെയും അന്തരാത്മാവിൽ നിക്ഷിപ്തമായിരിക്കുന്നു. സത്യം അറിയാനും ആനന്ദിക്കാനും അനന്തമായി ജീവിക്കാനുള്ള ആഗ്രഹം മനുഷ്യസ്വഭാവത്തിന്റെ തന്നെ ഭാവമാണ്. എന്നാൽ ഇവയെല്ലാം നിഷ്കരുണം നിഷേധിക്കപ്പെടുന്ന അനുഭവമാണ് മനുഷ്യനുണ്ടാവുക. സാഹോദര്യത്തിന് പകരം ശത്രുതയും പങ്കുവയ്ക്കലിന് പകരം സ്വാർത്ഥതയും അവനെ ഭരിക്കുന്നു. സത്യം തേടുന്ന മനസ്സ് അജ്ഞതയിൽ ഉഴലുന്നു. ദുഃഖം അവന്റെയുള്ളിൽ നീറിപ്പുകയുന്നു. നന്മ ചെയ്യാൻ തീവ്രമായി ആഗ്രഹിക്കുന്ന മനുഷ്യൻ തിന്മ ചെയ്തു പോകുന്നു. സർവോപരി, മാറ്റമില്ലാത്ത വിധി എന്നപോലെ അവന്റെ എല്ലാ പ്രതീക്ഷകളും ആഗ്രഹങ്ങളും മരണത്തിൽ ചെന്ന് അവസാനിക്കുന്നു. “ആരുണ്ട് എനിക്കൊരു മോചനമേകാൻ" എന്ന നിലവിളി ദുഃഖപൂരിതമായ മനുഷ്യഹൃദയത്തിന്റെ അഗാധതലങ്ങളിൽ നിന്നുയരുന്നു

രക്ഷകനു വേണ്ടിയുള്ള ആർദ്രമായ രോദനമാണിത്. ആ ദീനരോദനത്തിനു ദൈവം തന്നെ ഉത്തരം നൽകും എന്ന വിശ്വാസം എല്ലാ മതങ്ങളും ഏറ്റുപറയുന്നുണ്ട്. രക്ഷകനുവേണ്ടി കാത്തിരിക്കുന്ന ഒരു ലോകത്തിൻറെ ചിത്രമാണ് ഈ കഥയിൽ ആദ്യമേ അവതരിപ്പിക്കുന്നത്.

ബന്ധിതനായ മനുഷ്യനെ ദൈവം അവന്റെ അടിമത്തത്തിൽ ഉപേക്ഷിച്ചില്ല. അവന് സമഗ്രമായ മോചനവും ശാശ്വതമായ സന്തോഷവും നിത്യമായ ജീവനും നൽകാൻ ദൈവം തന്നെ മനുഷ്യനായി അവതരിച്ചു. ലോകചരിത്രത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയിൽ, ഒരു പ്രത്യേക സ്ഥലത്ത്, ദൈവം ഈ ഭൂമിയിലേക്ക് മനുഷ്യനായി കടന്നുവന്നു. ആ വരവിന്റെ ചരിത്രമാണ് റോമാ സാമ്രാജ്യത്തിന്റെയും പലസ്തീനായുടെയും ചരിത്രവുമായി ബന്ധപ്പെടുത്തി തുടർന്ന് ചിത്രീകരിക്കുന്നത്.

മനുഷ്യൻറെ സഹകരണം കൂടാതെയല്ല ദൈവം മനുഷ്യന് രക്ഷ നൽകുന്നത്. നസ്രത്തിലെ ഒരു യഹൂദകന്യകയുടെ അടുക്കൽ സമ്മതം ചോദിച്ചു നിൽക്കുന്ന ഗബ്രിയേൽ മനുഷ്യൻറെ സ്വാതന്ത്ര്യത്തെ

മാനിക്കുകയും വലിയ കാര്യങ്ങൾക്കായി എളിയവരെ തിരഞ്ഞെടുക്കുകയും ചെയ്യുന്ന ദൈവത്തിൻറെ ദൂതനാണ്. "ഇതാ കർത്താവിന്റെ ദാസി" എന്ന് മറുപടി നൽകുന്ന മേരി മനുഷ്യവർഗ്ഗത്തെ മുഴുവൻ പ്രതിനിധാനം ചെയ്യുന്നു. സ്വന്തം ജീവൻ ദൈവത്തിന് പൂർണ്ണമായി സമർപ്പിക്കുന്ന വിശ്വാസത്തിന്റെ മാതൃകയാണവൾ. ഇപ്രകാരമൊരു മറുപടി ദൈവത്തിനു നൽകാൻ നാമും തയാറാകണം.

തിന്മയുടെ ആധിപത്യത്തിൽനിന്നു മാനവവംശത്തെ മോചിപ്പിക്കാൻ ദൈവം ഒരു രക്ഷകനെ അയയ്ക്കുമെന്നു ലോകജനതകൾ വിശ്വസിച്ചു. അവൻറെ ആഗമനത്തിനുവേണ്ടി പ്രാർത്ഥനാപൂർവ്വം കാത്തിരുന്നു.




ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ബുദ്ധൻ പഠിപ്പിച്ചു:
എനിക്കുശേഷം ഒരാൾ വരും. അവൻ "മൈത്രേയൻ" എന്നറിയപ്പെടും. അവൻറെ പേർ സ്നേഹമെന്നായിരിക്കും.


ചൈനയിലെ ജനങ്ങളുടെ പ്രതീക്ഷ ജ്ഞാനിയായ കൺഫ്യൂഷ്യസ് അഞ്ചാം നൂറ്റാണ്ടിൽ ഇപ്രകാരം രേഖപ്പെടുത്തി:
ഗുരോ, മരണമില്ലാത്ത ജീവന്റെ രഹസ്യം എന്താണ്?
അതു പഠിപ്പിക്കാൻ വിശുദ്ധനായവൻ സ്വർഗ്ഗത്തിൽനിന്നു വരണം


അവൻ എല്ലാം അറിയും. ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും മേൽ അവന് ആധിപത്യമുണ്ടായിരിക്കും


വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് ഗ്രീക്കുകാരുടെ ഇടയിലും
വിശ്വാസമുണ്ടായിരുന്നു
ദേവാധിദേവനായ
സേവൂസിന്റെ
സദസ്സ്
മഹാദേവനായ സേവൂസ്,
ഈ അസുര നേതാവ്
ദേവലോകത്തിൽ നിന്ന്
അഗ്നി മോഷ്ടിച്ച്
മനുഷ്യർക്ക്
നൽകിയിരിക്കുന്നു.
ഇനി അവർ ഇരുമ്പാ
യുധങ്ങൾ ഉണ്ടാക്കി
ദേവലോകത്തിനെതിരേ
യുദ്ധത്തിനു വരും.
നമ്മെ തോൽപ്പിക്കാൻ
അസുരന്മാർ കണ്ടുപിടിച്ച
മാർഗ്ഗമാണിത്.



അക്ഷന്തവ്യമായ ഈ അപരാധത്തിന് പ്രൊമെത്തേവൂസ് ശിക്ഷ അനുഭവിച്ചേ മതിയാകൂ. മകനേ ഹെർമസ്, ഇവനെ കൗക്കസെസ് മലയിൽ കൊണ്ടുപോയി ബന്ധിക്കൂ!


ബന്ധിതനായ പ്രൊമെത്തേവൂസിൻറെ കരൾ ദിവസവും പകൽ ഒരു കഴുകൻ കൊത്തിത്തിന്നും. രാത്രി കരൾ വീണ്ടും വളർന്ന് പഴയതുപോലെയാകും.
നിൻറെ തെറ്റിൻറെ ശിക്ഷ ഏറ്റെടുക്കാനായി ദൈവം പ്രത്യക്ഷപ്പെടുന്നതു വരെ ഈ ശാപത്തിൽ നിന്ന് നിനക്ക് മോചനം ഉണ്ടാവില്ല


ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഗ്രീക്ക് ചിന്തകനായ സോക്രട്ടീസ് തൻറെ ശിഷ്യന്മാരോട്.
വരാനിരിക്കുന്ന സർവ്വജ്ഞാനിയെ കാത്തിരിക്കുക. ദൈവത്തിൻറെയും മനുഷ്യൻറെയും മുമ്പാകെ നാം എങ്ങനെ പെരുമാറണമെന്ന് അവൻ പറഞ്ഞു തരും.


ബി. സി. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പേർഷ്യൻ മതസ്ഥാപകനായ സൊറോവാസ്റ്റർ
സത്യം വെളിപ്പെടുത്തുന്ന പ്രവാചകൻ വിദേശത്ത് ആയിരിക്കും പ്രത്യക്ഷപ്പെടുക.


ബി. സി. ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന റോമൻ കവിയായ വെർജിൽ തൻറെ ജനത്തിൻറെ ഒരു പുരാതന പാരമ്പര്യത്തെക്കുറിച്ച് പാടി
തൻറെ ഓമത്സുതനെ നോക്കി പുഞ്ചിരിക്കുന്ന കന്യക. അവൻറെ വരവോടെ അയോ യുഗം അവസാനിക്കും.


അതേകാലത്ത് ജീവിച്ചിരുന്ന സുപ്രസിദ്ധ റോമൻ വാഗ്മിയായ സിസെറോ
അതിപുരാതനമായ അനേകം അരുളപ്പാടുകൾ വരാനിരിക്കുന്ന രക്ഷകനായ ഒരു രാജാവിനെ കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആരാണവൻ? എപ്പോഴാണ് അവൻ വരിക?


എ. ഡി. ഒന്നാം നൂറ്റാണ്ടിലെ റോമൻ ചരിത്രകാരനായ
ടാസിറ്റസ് റോമാക്കാരുടെ ഇടയിൽ നിലവിലിരുന്ന
വിശ്വാസത്തെക്കുറിച്ച് എഴുതി:
ലോകത്തിൻറെ നാഥനും
ഭരണകർത്താവുമായവൻ
യൂദായിൽ നിന്ന് വരും




ലോകരക്ഷകൻറെ ആഗമനത്തെക്കുറിച്ചുള്ള പ്രതീക്ഷ ഏറ്റം വ്യക്തമായി കാണുന്നത് ഇസ്രയേൽ ജനത്തിലാണ്.
ആദിമാതാപിതാക്കന്മാരെ പാപത്തിലേക്ക് നയിച്ച സർപ്പത്തോടു ദൈവം പറഞ്ഞു
നീയും സ്ത്രീയും തമ്മിലും നിൻറെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും. അവൻ നിൻറെ തല തകർക്കും.


ഇസ്രയേൽ
ജനത്തിൻറെ
പിതാവാകാൻ
താൻ
തിരഞ്ഞെടുത്ത
അബ്രഹത്തോട്
ദൈവം
അരുളിചെയ്തു
നിൻറെ
സന്തതിയിലൂടെ
ഭൂമുഖത്തെ
എല്ലാ
ജനതകളെയും
ഞാൻ
അനുഗ്രഹിക്കും


വാഗ്ദാനം പ്രവചനങ്ങളിലൂടെ ആവർത്തിക്കപ്പെട്ടു. മരുഭൂമിയിലൂടെ വന്ന ഇസ്രയേൽ ജനത്തെ ശപിക്കാനായി മൊവാബ് രാജാവ് വിളിച്ചുവരുത്തിയ ബാലാം പ്രവചിച്ചു.
ഞാൻ അവനെ കാണുന്നു. എന്നാൽ ഇപ്പോഴല്ല. യാക്കോബിൽ നിന്ന് ഒരു നക്ഷത്രം ഉദിക്കും. യൂദായിൽ നിന്ന് ചെങ്കോൽ ഉയരും.


ബി. സി. പത്താം നൂറ്റാണ്ടിൽ നാഥാൻ പ്രവാചകൻ വഴി ദാവീദ് രാജാവിനോട്
കർത്താവ് അരുളിച്ചെയ്യുന്നു: നിൻറെ പുത്രനെ ഞാൻ രാജാവാക്കും. അവൻറെ സിംഹാസനം എന്നേക്കും നിലനിൽക്കും.

ബി. സി. എട്ടാം നൂറ്റാണ്ടിൽ ജെറുസലേമിൽ ജീവിച്ചിരുന്ന മിക്കാ പ്രവാചകൻ:



അതേ കാലത്ത് ജീവിച്ചിരുന്ന ഏശയ്യാ പ്രവാചകൻ




ബി. സി. ആറാം നൂറ്റാണ്ടിൽ ബാബിലോണിൽ പ്രവാസികളായി കഴിഞ്ഞ ഇസ്രായേൽക്കാരോട് രണ്ടാം ഏശയ്യ എന്നറിയപ്പെടുന്ന പ്രവാചകൻ
കർത്താവ് അരുളിച്ചെയ്യുന്നു: ഇതാ ഞാൻ സ്നേഹിക്കുന്ന എൻറെ ദാസൻ. അവൻ ഭൂമിയിൽ നീതി സ്ഥാപിക്കും.


അവൻ നിന്ദിക്കപ്പെട്ടു. നാം അവനെ ബഹുമാനിച്ചില്ല. നമ്മുടെ വേദനകളാണ് അവൻ വഹിച്ചത്.
നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ മുറിവേൽപ്പിക്കപ്പെട്ടു. അവൻ ഏറ്റ ശിക്ഷ നമുക്കു രക്ഷ നൽകി.


പ്രവാസത്തിൽ നിന്ന് മടങ്ങിവന്ന ഇസ്രായേൽക്കാരോട്
സക്കറിയ പ്രവാചകൻ പറഞ്ഞു
ജെറുസലെം പുത്രീ ആഹ്ലാദിക്കുക. ഇതാ നിൻറെ രാജാവ് വരുന്നു.
ഇതാ, അവൻ വിജയശ്രീലാളിതനായി, വിനയാന്വിതനായി, കഴുതപ്പുറത്ത് എഴുന്നള്ളുന്നു.


ബി. സി. രണ്ടാം നൂറ്റാണ്ടിൽ ദാനിയേൽ പ്രവാചകൻ.
ഇതാ വാനമേഘങ്ങളിൽ എഴുന്നള്ളുന്ന മനുഷ്യപുത്രൻ. അവൻ എന്നേക്കും രാജാവായി വാഴും.

ബി. സി. ഒന്നാം നൂറ്റാണ്ടിൽ ഇസ്രായേൽ ചരിത്രം ഒരു നിർണായക ഘട്ടത്തിലെത്തി ബി. സി.63. റോമൻ സേനാധിപനായ പോംപേ ജെറുസലേം ദേവാലയത്തിന് ഉപരോധമേർപ്പെടുത്തി.




റോമൻ സൈന്യം ദേവാലയം കീഴടക്കി. പോംപേ
അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ചു


മക്കബായരുടെ സന്തതിപരമ്പരയിൽപ്പെട്ട ഹിർക്കാനൂസ് രണ്ടാമനെ പ്രധാന പുരോഹിതനും ഇദുമേയക്കാരനായ അന്തിപ്പാത്തറിനെ ഭരണാധികാരിയുമായി പോംപേ നിയമിച്ചു
ഇന്നുമുതൽ പാലസ്തീനാ റോമിൻറെ സാമന്തരാജ്യമായിരിക്കും. സിറിയായിലെ ഗവർണർ വഴി നിങ്ങൾ റോമിനോട് ബന്ധം പുലർത്തണം


പ്രതിവർഷം മുന്നൂറു താലന്ത് റോമിന് കപ്പമായി നൽകണം. റോമിനെ അനുസരിക്കുന്നിടത്തോളം കാലം നിങ്ങൾക്ക് അധികാരത്തിൽ തുടരാം.
അങ്ങയുടെ ഔദാര്യത്തിന് ഞങ്ങൾ എന്നും നന്ദിയുള്ളവരായിരിക്കും.

അതിനുശേഷം റോമാസാമ്രാജ്യത്തിൻറെ ഗതിവിഗതികൾ പാലസ്തീനായെ സാരമായി ബാധിച്ചു. ബി. സി. 49 ൽ റോമാ ആഭ്യന്തര കലാപത്തിൽ മുഴുകി. ജൂലിയസ് സീസറിൻറെയും പോംപേയുടെയും സൈന്യങ്ങൾ സാമ്രാജ്യത്തിലുടനീളം ഏറ്റുമുട്ടി.





അന്തിപ്പാത്തർ സീസറിൻറെ പക്ഷം ചേർന്നു. ബി. സി.
48 ൽ പോംപേ കൊല്ലപ്പെട്ടു.


ജൂലിയസ് സീസർ റോമാസാമ്രാജ്യത്തിൻറെ അധിപനായി. പക്ഷേ
ബി. സി. 44 മാർച്ച് പതിനഞ്ചാം തീയതി ബ്രൂട്ടസിൻറെ
നേതൃത്വത്തിൽ ഒരു സംഘം റോമൻ പ്രഭുക്കന്മാർ സീസറിനെ
ചതിയിൽ വധിച്ചു.
ബ്രൂട്ടസേ,
നീയും!


കൊലയാളികൾക്കെതിരെ സീസറിൻറെ മരുമകനായ ഒക്ടേവിയനും സേനാധിപനായ മാർക്ക് ആൻറണിയും യുദ്ധം ചെയ്തു. ബി. സി. 42 ൽ ഫിലിപ്പിയിൽ വച്ച് ബ്രൂട്ടസും കൂട്ടരും കൊല്ലപ്പെട്ടു.
സീസറിനോട് ചെയ്ത പാതകത്തിന് നിൻറെ രക്തം പരിഹാരമാകട്ടെ



അതേസമയം പാലസ്തീനായാലും അധികാരത്തിനുവേണ്ടിയുള്ള ഉപജാപങ്ങൾ നടക്കുകയായിരുന്നു. ബി. സി. 43 ൽ അന്തിപ്പാത്തർ ചതിയിൽ കൊല്ലപ്പെട്ടു.
ആരാണീ ചതി ചെയ്തത്? ഭക്ഷണത്തിൽ വിഷം കലർത്തി. തീർച്ച.


തുടർന്നുള്ള വർഷങ്ങളിൽ പാലസ്തീനായിൽ വലിയ കലാപങ്ങളുണ്ടായി. അന്തിപ്പാത്തറിൻറെ ഒരു മകൻ ഹേറോദേസ് ബി. സി. 40 ൽ റോമിലേക്ക് ഒളിച്ചോടി. റോമൻ സെനറ്റ്:
റോമിൻറെ വിശ്വസ്ത സുഹൃത്തും പലസ്തീനായുടെ ഭരണാധികാരിയുമായിരുന്ന അന്തിപ്പാത്തറിൻറെ സേവനങ്ങളെ പരിഗണിച്ച്, റോമൻ സെനറ്റും ജനങ്ങളും ഒരുമിച്ച്, അയാളുടെ മകനായ ഹേറോദേസിനെ പലസ്തീനായുടെ രാജാവായി പ്രഖ്യാപിക്കുന്നു.


റോമാസാമ്രാജ്യത്തിൻറെ പിതാക്കന്മാരേ, നിങ്ങൾ എന്നോട് കാട്ടിയ കാരുണ്യത്തിനും എന്നിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസത്തിനും ഞാൻ കൃതജ്ഞനാണ്


സാമ്രാജ്യത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിനും ജനങ്ങളെ നീതിപൂർവ്വം ഭരിക്കുന്നതിനും ഞാൻ സർവ്വശക്തിയും ഉപയോഗിക്കുന്നതായിരിക്കും.



റോമിൻറെ ശത്രുവായ ആന്റിഗൊണസാണു ഇപ്പോൾ പലസ്തിനാ കീഴടക്കിയിരിക്കുന്നത്. അയാളിൽനിന്ന് രാജ്യം വീണ്ടെടുക്കാൻ എന്നെ സഹായിക്കണം.
ശരി, സിറിയായിലെ ഗവർണർക്ക് ഞങ്ങൾ നിർദ്ദേശങ്ങൾ നൽകാം.


റോമൻ സൈന്യത്തിൻറെ സഹായത്തോടെ ഹേറോദേസ് പലസ്തീന കീഴടക്കി ബി. സി. 37 ൽ ഭരണം ആരംഭിച്ചു. തൻറെ ശത്രുക്കളെ ഉന്മൂലനം ചെയ്യുകയായിരുന്നു ഹേറോദേസിൻറെ ആദ്യ ലക്ഷ്യം.
രാജ്യദ്രോഹികളായ ഇവരെ കൊന്നുകളയുക. ഇവരുടെ സ്വത്ത് രാജ ഭണ്ഡാരത്തിലേക്ക് കണ്ടുകെട്ടുക.


മക്കബായരുടെ പിന്തുടർച്ചക്കാരായ ഹസ്മൊണേയ രാജവംശവുമായി ബന്ധം സ്ഥാപിക്കാൻ ആ വംശത്തിൽപ്പെട്ട മരിയാംനെയെ ഹേറോദേസ് വിവാഹം ചെയ്തിരുന്നു. അവളുടെ സഹോദരനായ 17 വയസ്സുകാരൻ അരിസ്റ്റോബുളസിനെ പ്രധാന പുരോഹിതനാക്കി.




ബി. സി. 35. കൂടാരത്തിരുന്നാൾ ദിവസം പ്രധാന പുരോഹിതൻ ബലിയർപ്പിച്ചപ്പോൾ.
അരിസ്റ്റോബുളസ് നീണാൾ വാഴട്ടെ.
ഹസ്മോണേയ രാജവംശം ജയിക്കട്ടെ
അരിസ്റ്റോ-ബുളസിനെ രാജാവാക്കുക.


അപകടം മനസ്സിലാക്കിയ ഹേറോദേസ് ചാരന്മാർ വഴി
അരിസ്റ്റോബുളസിനെ ജറീക്കോയിലെ നീന്തൽ കുളത്തിൽ
മുക്കിക്കൊന്നു

തന്റെ അധികാരത്തിനു ഭീഷണിയായി നിന്നവരെ ഒന്നൊന്നായി വധിച്ച ശേഷം ഹേറോദേസ് മസാദാ, മക്കേരൂസ്, ഹേറോദിയോൺ മുതലായ വലിയ കോട്ടകൾ പണിത് രാജ്യത്തെ സുശക്തമാക്കി.



ബി. സി. 32 ൽ റോം വീണ്ടും ആഭ്യന്തരകലാപത്തിൽ മുഴുകി. മാർക്ക് ആന്റണിയുടെയും ഒക്ടേവിയൻറെയും സൈന്യങ്ങൾ തമ്മിൽ ഏറ്റുമുട്ടി.







ബി. സി. 31 സെപ്റ്റംബർ രണ്ടാം തീയതി ഒക്ടേവിയൻറെ സൈന്യം മാർക്ക്ആന്റണിയുടെ സൈന്യത്തെ നിശ്ശേഷം തോൽപ്പിച്ചു. റോമാ സാമ്രാജ്യത്തിൽ സമാധാനമുണ്ടായി




ബി. സി. മുപ്പതിൽ
റോമൻ സെനറ്റ്
ഒക്ടേവിയന്
'അഗസ്റ്റസ്' എന്ന
പേര് നൽകി റോമാ
സാമ്രാജ്യത്തിൻറെ
ചക്രവർത്തിയായി
വാഴിച്ചു
ലോകത്തിന് സമാധാനവും
റോമിന് സമൃദ്ധിയും
നൽകിയ ദിവ്യനായ
അഗസ്റ്റസ് സീസർ
ആജീവനാന്തം റോമൻ
സാമ്രാജ്യത്തിന്റെ
ഭരണാധികാരിയായിരിക്കും.




റോമാ സാമ്രാജ്യം, പ്രവിശ്യകൾ
എ.ഡി. 14
എ.ഡി. 116
ബ്രിട്ടാനിയാ
അത്‌ലാന്റിക് സമുദ്രം
ജെർമാനിയാ
ബെൽജിയം
ഗാളിയാ
റേത്തിയാ
പന്നോനിയാ
ദാക്കിയാ
ഇല്ലിറിക്കം
മൊയേഷ്യാ
ത്രാക്കിയം
കരിങ്കടൽ
കാസ്പിയൻ കടൽ
അർമേനിയാ
പോന്തുസ്
കപ്പദോക്കിയാ
അസീറിയാ
ഹിസ്പാനിയാ
ഇത്താലിയാ
റോമാ
സർദീനിയാ
മക്കദോനിയാ
ആസ്യാ
ഗലാത്തിയാ
കിലിക്കിയാ
അന്തിയോക്യാ
മെസൊപ്പൊട്ടാമിയാ
സിറിയാ
ദമാസ്ക്കസ്
മൗരിത്താനിയാ
സിസിലിയാ
ക്രേത്ത
ജറുസലെം
യൂദയാ
മധ്യധരണ്യാഴി
ആഫ്രിക്കാ
അലക്സാണ്ട്രിയാ
കിറേനേ
ഈജിപ്ത്
അറേബിയാ


ഹേറോദേസ് വിലയേറിയ
സമ്മാനങ്ങളുമായി
അഗസ്റ്റസ് സീസറിനെ
സന്ദർശിച്ചു.
റോമാ സാമ്രാജ്യത്തോടും ചക്ര
വർത്തിയായ അങ്ങയോടുമുള്ള
എൻറെ വിശ്വസ്തതയുടെ അടയാ
ളമായി ഈ എളിയ കാഴ്ച
സ്വീകരിച്ചാലും
പാലസ്തീനായുടെ
രാജാവായി താങ്കൾക്ക് തുടരാം
രാജ്യദ്രോഹിയായ മാർക്ക്
ആൻറണി പിടിച്ചെടുത്ത
സ്ഥലങ്ങൾ തിരികെ തരുന്നു



പാലസ്തീനായിൽ മടങ്ങിയെത്തിയ ഹേറോദേസ് തനിക്കെതിരെ നടന്ന ഉപജാപങ്ങളെക്കുറിച്ച് കേട്ടു. ബി. സി. 29ൽ ഭാര്യ മരിയാമിനെയും ബി. സി. 28 ൽ അമ്മായിയമ്മയായ അലക്സാണ്ടറായേയും വധിച്ചു.
എന്നെ കൊന്ന് സിംഹാസനം കയ്യടക്കാമെന്ന് നിങ്ങൾ ഹസ്മോണേയർ കരുതി. എനിക്കെതിരെ ഉപജാപങ്ങൾ നടത്താൻ നീ ഇനി ജീവിച്ചിരുന്നുകൂടാ
?

ഉപജാപകരെയെല്ലാം ഉന്മൂലനം ചെയ്ത ശേഷം ഹേറോദേസ് നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു. സമരിയാ പുതുക്കിപ്പണിത് അഗസ്റ്റിസിന്റെ . ബഹുമാനാർത്ഥം അതിന് സെബാസ്റ്റെ എന്ന് പേരിട്ടു





മധ്യധരണ്യാഴിയുടെ തീരത്ത് സീസറിൻറെ പേരിൽ
കേസറിയ പട്ടണം പണിതു.


യഹൂദരെ പ്രീതിപ്പെടുത്താനായി ബി. സി. 20 ൽ ജറുസലേം ദേവാലയം പുതുക്കി പണിയാൻ തുടങ്ങി




പലസ്തിനായിൽ പലയിടത്തും സീസറിൻറെ നാമത്തിൽ ക്ഷേത്രങ്ങൾ നിർമ്മിച്ചു ചക്രവർത്തിയെ ആരാധിക്കാൻ തുടങ്ങി. സീസറിൻറെ ബഹുമാനാർത്ഥം കളിസ്ഥലങ്ങൾ നിർമ്മിച്ച് ചതുർവാർഷിക മത്സരങ്ങൾ ഏർപ്പെടുത്തി.




നിർമ്മാണ പ്രവർത്തനങ്ങൾക്കും സുഖഭോഗങ്ങൾക്കും വേണ്ടി ഹേറോദേസ് കനത്ത നികുതി ഈടാക്കി. ജനം വീർപ്പുമുട്ടി.
ഇസ്രായേൽക്കാരുടെയിടയിൽ ഒരു സംഭാഷണം:
രാജാവിനു ഭ്രാന്താണ്. അതല്ലേ ഇപ്പോൾ സ്വന്തം മക്കളെപ്പോലും കൊല്ലുന്നത്?
അധികാര ഭ്രാന്താണ്. അതിൻറെ ഭാരം താങ്ങുന്നത് സാധാരണക്കാരായ നമ്മൾ.



ആ ഇദുമയാക്കാരൻ നമ്മളെ എല്ലാം അടിമകളാക്കിയിരിക്കുകയാണ്.
എന്നാണ് നമുക്ക് മോചനം കിട്ടുക! കർത്താവ് വാഗ്ദാനം ചെയ്ത രക്ഷകൻ എപ്പോഴാണ് വരുക?



ആരു വന്നാലും ചവിട്ടിയരക്കും എന്ന നിലപാടാണ് ഹേറോദേസിന്റെത്
പക്ഷെ ഇനി ദീർഘിക്കില്ല. അയാൾക്ക് എന്തോ മാരകമായ രോഗം പിടിപെട്ടിട്ടുണ്ട് എന്നാണ് കേൾക്കുന്നത്.
!!


ഹേറോദോസിൻറെ കനത്ത കൈയാൽ അടിച്ചമർത്തപ്പെട്ട ജനം കർത്താവിനോട് നിലവിളിച്ചു. ഒരു രക്ഷകനുവേണ്ടി കണ്ണീരോടെ യാചിച്ചു. ഗലീലിയിലെ ഒരു സിനഗോഗിൽ.
പുറപ്പാട് പുസ്തകത്തിൽ നിന്നുള്ള വായന. ..... അടിമകളായി കഴിഞ്ഞിരുന്ന ഇസ്രായേൽ ജനം നെടുവീർപ്പിട്ട് നിലവിളിച്ചു. അവരുടെ നിലവിളി ദൈവസന്നിധിയിലെത്തി.


വായനയ്ക്കുശേഷം
സഹോദരങ്ങളെ, ഈജിപ്തിൽവച്ചു പിതാക്കന്മാർ ചെയ്തതുപോലെ നാമും കർത്താവിനോട് ഉച്ചത്തിൽ നിലവിളിക്കണം.


കർത്താവ് തൻറെ അഭിഷിക്തനെ അയച്ച് മോചനം നൽകാൻ ഇനി വൈകില്ല


ദൈവം നിലവിളി കേട്ടു. രക്ഷകനെ അയക്കാൻ ഒരുങ്ങി. ജറുസലെമിനു സമീപത്തുള്ള അയിൻ കരിം ഗ്രാമത്തിൽ സഖറിയാ എന്ന പേരായ ഒരു പുരോഹിതൻ ഭാര്യ എലിസബത്തിനോടൊത്ത് ജീവിച്ചിരുന്നു.
ഞാൻ ഈ അപമാനം സഹിച്ചു മടുത്തു. കാണുന്നവരെല്ലാം എന്നെ പരിഹസിക്കുകയാണ്.
ദൈവം നമുക്ക് ഒരു കുഞ്ഞിനെ തരാത്തത് നമ്മുടെ കുറ്റമാണോ?
നമ്മൾ എത്രകാലമായി കണ്ണീരോടെ പ്രാർത്ഥിക്കുന്നു


ഇനിയും പ്രാർത്ഥിക്കാം. കർത്താവ് എപ്പോഴാണ് അനുഗ്രഹിക്കുക എന്നറിയില്ലല്ലോ.


ദേവാലയത്തിൽ ധൂപമർപ്പിക്കാൻ സഖറിയായ്ക്ക് കുറി വീണു. ധൂപാർപ്പണസമയത്ത് സഖറിയാക്ക് ഒരു ദർശനമുണ്ടായി.
സഖറിയാ ഭയപ്പെടേണ്ട. കർത്താവ് നിന്റെ പ്രാർത്ഥന കേട്ടു. എലിസബത്തിൽ നിനക്ക് ഒരു പുത്രൻ ജനിക്കും നീ അവന് യോഹന്നാൻ എന്ന പേരിടണം. അവൻ കർത്താവിനു വഴിയൊരുക്കും.
ഞാൻ ഇതെങ്ങനെ അറിയും? ഞാൻ വൃദ്ധനായി. എലിസബത്ത് വന്ധ്യയാണ്.


ഈ സന്തോഷവാർത്ത
നിന്നെ അറിയിക്കാൻ
ദൈവം അയച്ച ദൂതനായ
ഗബ്രിയേൽ ആണ് ഞാൻ.
നീ വിശ്വസിക്കാത്തതിനാൽ
ഇത് പൂർത്തിയാകുന്നത്
വരെ നീ ഊമനായിരിക്കും.


ധൂപാർപ്പണത്തിനുശേഷം പുറത്തുവന്നപ്പോൾ
എന്താ ഇത്ര വൈകിയത്?
ഇയാൾക്കെന്തുപറ്റി? സംസാരശക്തി നഷ്ടപ്പെട്ടോ?
വല്ല ദർശനവുമുണ്ടായിക്കാണും.



പാലസ്തീനായയിലെ വടക്കൻ പ്രവിശ്യയായ ഗലീലിയിലെ ഒരു കൊച്ചു പട്ടണമാണ് നസ്രത്ത്. അവിടെ ആശാരിപ്പണി ചെയ്ത് ഉപജീവനം കഴിച്ചിരുന്ന ഒരു ചെറുപ്പക്കാരൻ ജോസഫ്
ജോസഫിന്റെ പണിശാല
ഇതാ അഞ്ചു ഷെക്കലുണ്ട്. ബാക്കി അടുത്ത ആഴ്ച തരാം.
നീ ഇതുവരെ അവധി തെറ്റിച്ചിട്ടില്ലാത്തതിനാൽ ക്ഷമിക്കുന്നു.
അടുത്തയാഴ്ച നികുതി മുഴുവൻ അടച്ചില്ലെങ്കിൽ പണിശാല ലേലം ചെയ്യുന്നതായിരിക്കും


പടയാളികൾ പോയി കഴിഞ്ഞപ്പോൾ
എത്രയാണ് നികുതി?
ആഴ്ചയിൽ മൂന്ന് ദിവസത്തെ പണിക്കൂലി കൊടുത്താലും തികയുന്നില്ല.
ആകട്ടെ നിൻറെ കല്യാണക്കാര്യം എന്തായി?
!



യോവാക്കിമിന്റെ മകൾ മേരിയല്ലേ? സൗന്ദര്യവും സത്സ്വഭാവവും ഒത്തിണങ്ങിയ ഒരു കുട്ടി. ഇനി എന്തിനാ വൈകുന്നത്?


ഏറെ താമസിയാതെ ജോസഫും മേരി യുമായുള്ള വിവാഹ വാഗ്ദാനം നടന്നു
യോവാക്കിമിന്റെയും അന്നയുടെയും മകളായ മേരീ, മോശയുടെ നിയമപ്രകാരം നിന്നെ വിവാഹം ചെയ്തുകൊള്ളാമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു
ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ഒരു വർഷത്തിനകം വിവാഹം നടത്തിക്കൊള്ളണം.


സിനഗോഗിലെ ചടങ്ങുകൾക്ക് ശേഷം സുഹൃത്തുക്കൾ അവരെ അനുമോദിച്ചു




താൻ നിശ്ചയിച്ച സമയമായപ്പോൾ ദൈവം ഗബ്രിയേൽ ദൂതനെ മേരിയുടെ അടുക്കലേക്കയച്ചു
ദൈവകൃപ നിറഞ്ഞവളേ സ്വസ്തി. കർത്താവ് നിന്നോട് കൂടെ.
ആരാണിയാൾ? എന്താണിതിൻറെ അർത്ഥം?


മേരീ, നീ ഭയപ്പെടേണ്ട. ദൈവം നിന്നിൽ സംപ്രീതനായിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവനു യേശു എന്ന് പേരിടണം.


അവൻ തൻറെ ജനങ്ങളെ പാപത്തിൽനിന്ന് രക്ഷിക്കും ദാവീദിൻറെ സിംഹാസനത്തിൽ അവൻ എന്നേക്കും വാഴും.
ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ?


പരിശുദ്ധാത്മാവ് നിൻറെ മേൽ വരും. അതിനാൽ നിന്നിൽ നിന്ന് ജനിക്കുന്ന ശിശു ദൈവത്തിൻറെ പുത്രനായിരിക്കും.


നിൻറെ ചാർച്ചക്കാരി എലിസബത്ത്
ഇപ്പോൾ ആറുമാസം ഗർഭിണിയാണ്.
കർത്താവിന് ഒന്നും അസാധ്യമല്ല.


ഇതാ കർത്താവിൻറെ ദാസി. നിൻറെ വാക്ക് എന്നിൽ നിറവേറട്ടെ.

# ചോദ്യങ്ങൾ

1. എന്തുകൊണ്ടാണ് ഈ ചിത്രകഥയ്ക്ക് കാത്തിരിപ്പ് എന്ന പേരു കൊടുത്തിരിക്കുന്നത്?
2. വരാനിരിക്കുന്ന രക്ഷകനെക്കുറിച്ച് ശ്രീബുദ്ധൻ എന്തു പറഞ്ഞു?
3. ആരാണ് പ്രൊമെത്തേവൂസ്? എപ്പോഴാണ് അയാളുടെ ശിക്ഷ അവസാനിപ്പിക്കുക?
4. രക്ഷകൻ കന്യകയിൽ നിന്ന് ജനിക്കുമെന്ന് പറഞ്ഞ റോമൻ കവി ആര്?
5. ഏതെല്ലാം ഇസ്രായേൽ പ്രവാചകന്മാരെയാണ് ഈ ചിത്രകഥയിൽ അവതരിപ്പിച്ചിട്ടുള്ളത്?
6. പലസ്തീനാ കീഴടക്കിയ റോമൻ സേനാധിപൻറെ പേരെന്ത്?
7. റോമാ സാമ്രാജ്യത്തിൽ സമാധാനം സ്ഥാപിച്ച ചക്രവർത്തി ആര്?
8. ഇസ്രയേൽജനം ഹേറോദേസിനെ വെറുക്കാൻ കാരണമെന്ത്?
9. സഖറിയാ ഊമനാകാൻ കാരണമെന്ത്?
10. സുവിശേഷം എഴുതപ്പെട്ടതിന്റെ പ്രധാന ലക്ഷ്യം എന്ത്?

അടുത്ത ചിത്രകഥ

പാപിയായ മനുഷ്യൻറെ വേദനകളും
ദുഃഖങ്ങളും ഏറ്റുവാങ്ങി അവന്
ശാശ്വതമായ മോചനം നൽകാൻ
വീടില്ലാതെ അലയുന്നവരോടൊപ്പം
വീടില്ലാത്തവനായി കാലിത്തൊഴുത്തിൽ
ജനിക്കുന്ന ദൈവപുത്രൻ

## ഇതാ നിങ്ങൾക്കൊരു രക്ഷകൻ

# ലോകത്തിന്റെ പ്രകാശം




MLBC-31

# ലോകത്തിന്റെ പ്രകാശം

# സമ്പൂർണ്ണ ബൈബിൾ ചിത്രകഥകളിലൂടെ

1. കായേനും ആബേലും
2. അബ്രാഹം
3. യാക്കോബ്
4. ജോസഫ്
5. മോശ
6. ജോഷ്വാ
7. സാംസൺ
8. റൂത്ത്
9. സാമുവേൽ
10. സാവൂൾ
11. ദാവീദ്
12. ദാവീദുരാജാവ്
13. സോളമൻ
14. ഏലിയാ
15. ആമോസ്
16. ഹോസിയാ
17. മിക്കാ
18. ഏശയ്യാ
19. ജറെമിയാ
20. എസേക്കിയേൽ
21. സഖറിയാ
22. യോനാ
23. ജോബ്
24. തോബിത്
25. ദാനിയേൽ
26. സൂസന്ന
27. എസ്തേർ
28. യൂദിത്ത്
29. മക്കബേയൂസ്
30. മക്കബായർ
31. കാത്തിരിപ്പ്
32. ലോകത്തിന്റെ പ്രകാശം
33. മുന്നോടി
34. പ്രവാചകൻ
35. വിമോചകൻ
36. വരാനിരുന്നവൻ
37. പ്രപഞ്ചത്തിന്റെ നാഥൻ
38. ദൈവപുത്രൻ
39. മനുഷ്യപുത്രൻ
40. കുരിശിന്റെ നിഴലിൽ
41. മാർഗ്ഗം
42. ദാവീദിന്റെ പുത്രൻ
43. ജീവന്റെ അപ്പം
44. രക്ഷകൻ
45. എന്നും നമ്മോടുകൂടെ
46. തീനാവുകൾ
47. രക്തസ്നാനം
48. അകലങ്ങളിലേക്ക്
49. നൈവേദ്യം
50. പുതിയ ആകാശവും പുതിയ ഭൂമിയും